D1BML2301 (A1) (Pages 2) Reg. No:......................
Name: .........................

**FIRST SEMESTER BA/B.Sc. DEGREE EXAMINATION NOVEMBER 2023**

**(Regular/Improvement/Supplementary)**

**COMMON COURSE IN MALAYALAM**

**GMAL1A01T: മലയാളസാഹിത്യം I**

**Time: 2 ½ Hours.** **Maximum Marks: 80**

**ഭാഗം I: 1 മുതൽ 15 വരെയുള്ള ചോദ്യങ്ങൾക്ക് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. ഓരോന്നിനും 2 മാർക്ക് വീതം. പരമാവധി മാർക്ക് 25.**

1. നാടൻ പാട്ടുകളുടെ പ്രത്യേകതൾ എന്തൊക്കെയാണ് ?
2. ഗാഥാപ്രസ്ഥാനം എന്നാൽ എന്ത് ?
3. ഏതു സന്ദർഭത്തിലാണ് കുഞ്ചുനായർ തന്റെ മോതിരം ഊരി ആ വിധവയുടെ അണിവിരലിൽ അണിയിച്ചത് ?
4. "നമ്മൾ മനുഷ്യരല്ലേ, മണ്ണുകൊണ്ടുണ്ടാക്കിയതല്ലല്ലോ?" ആരുടെ വാക്കുകൾ ? ആരോടാണ് ഇങ്ങനെ പറയുന്നത്?
5. എഴുത്തച്ഛന്റെ പ്രധാനപ്പെട്ട കൃതികൾ ഏതൊക്കെയാണ് ?
6. "ബാലകന്മാരുടെ യാചനം തന്നാലെ
   താലവനന്തന്നിൽ ചെന്നു പിന്നെ." സന്ദർഭമേത്?
7. ജ്ഞാനപ്പാനയിലെ പ്രമേയം എന്ത് ?
8. "മുഗ്ദ്ധമൃദുതരസ്നിഗ്ദ്ധപാദങ്ങളാൽ
   നിത്യം വനാന്തെ നടക്കെന്നു കൽപ്പിച്ച
   പൃഥ്വീശചിത്തം കഠോരമത്രേ" ആരാണ് ഇങ്ങനെ പറയുന്നത് ? എപ്പോൾ ?
9. "കുറ്റം കൂടാതുള്ള നരന്മാർ
   കുറയും ഭൂമിയിലെന്നുടെതാത!" ആരാണ് ഇങ്ങനെ പറയുന്നത് ? കാരണമെന്ത് ?
10. "തീണ്ടലും തൊടീലും" എന്നത് കൊണ്ട് അർത്ഥമാക്കുന്നതെന്ത് ?
11. വടക്കൻ പാട്ടിന്റെ പ്രധാന ഉൾപ്പിരിവുകൾ ഏതെല്ലാമാണ് ?
12. "കാൺക നമ്മുടെ സംസാരം കൊണ്ടത്രേ
    വിശ്വമീവണ്ണം നിൽപുവെന്നും ചിലർ" ഏതു തരം ആളുകളെയാണ് കവി ഈ വരികളിൽ സൂചിപ്പിക്കുന്നത് ?
13. മൂത്താപ്പയും അമ്മായിയും ഒറ്റവാതിലുള്ള കുടിലിൽ കഴിയാൻ കാരണമെന്ത് ?
14. "... പാണനെ തുണ കൂട്ടി പൊക്കോ പെണ്ണേ" എന്ന ഭർത്തൃമാതാവിന്റെ മറുപടിയോട് ഉണ്ണിയാർച്ച പ്രതികരിച്ചതെങ്ങനെ?
15. 'ഒട്ടുചെടി' എന്ന കഥയുടെ രാഷ്ട്രീയ പശ്ചാത്തലമെന്ത് ?

**(തുടർച്ച....2)**

**ഭാഗം II: 16 മുതൽ 23 വരെയുള്ള ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. ഓരോന്നിനും 5 മാർക്ക് വീതം. പരമാവധി മാർക്ക് 35.**

16. ഏതാണ്ട് ഒരു മണിക്കൂർ മുമ്പ് ഇരുമ്പുപാളികൾ ചേർത്തടച്ച് ഗേറ്റിനപ്പുറം താൻ പുറത്താക്കിയത് ഇഷ്ടങ്ങളുടെ ഒരു രാജ്യത്തെയാണെന്ന് വീട്ടമ്മ പറയാനിടയായ സാഹചര്യം വിവരിക്കുക.
17. "വല്ലികൾക്കവിടേക്ക് വരാൻ പാട്ടുണ്ടോ?

    ഉമതൈ വരുകിൽ കണ്ടിടാൻ വല്ല നിവൃത്തിയുമുണ്ടോ" സന്ദർഭം എഴുതുക.
18. 'ഒട്ടുചെടി' എന്ന കഥയിലെ കഥാപാത്രങ്ങളുടെ പേരുകളും അവരുടെ സ്വഭാവസവിശേഷതകളും എഴുതുക.
19. നാടൻ പാട്ടുകളിലെ പ്രതിരോധ പാരമ്പര്യം എന്ന വിഷയത്തിൽ പാഠഭാഗത്തെ മുൻനിർത്തി കുറിപ്പെഴുതുക.
20. "കൂടിയല്ല പിറക്കുന്ന നേരത്തും

    കൂടിയല്ല മരിക്കുന്ന നേരത്തും

    മദ്ധ്യേയിങ്ങനെ കാണുന്നനേരത്തു

    മത്സരിക്കുന്നതെന്തിനു നാം വൃഥാ?" ഈ വരികളുടെ സാരം വ്യക്തമാക്കുക.
21. "ക്ഷേളത്തിൽ വേഗത്താൽ വീണുതുടങ്ങിനാർ

    കാലികളും പിന്നെയവ്വണ്ണമേ" സന്ദർഭവും സാരവും എഴുതുക.
22. മാപ്പിളപ്പാട്ടിന്റെ സവിശേഷതകൾ പാഠഭാഗത്തെ ആസ്പദമാക്കി എഴുതുക.
23. ജീവിതത്തിന്റെ പരുക്കൻയാഥാർത്ഥ്യങ്ങൾ ഹൃദയസ്പർശിയായി അവതരിപ്പിക്കുന്ന കഥയാണ് 'ഉള്ളുരുക്കം' - കുറിപ്പെഴുതുക.

**ഭാഗം III: 24 മുതൽ 27 വരെയുള്ള ഏതെങ്കിലും രണ്ട് ചോദ്യങ്ങൾ മൂന്ന് പുറത്തിൽ കവിയാതെ ഉപന്യസിക്കുക. ഓരോന്നിനും 10 മാർക്ക് വീതം.**

24. പുരുഷ കേന്ദ്രിത വ്യവസ്ഥയോടുള്ള അനുസരണയും സദാചാരനിഷ്ഠയുമാണ് സ്ത്രീത്വത്തിന്റെ മുഖമുദ്ര എന്ന ധാരണയെ ചോദ്യം ചെയ്യുന്ന കഥയാണ് 'ഡബിൾ ആക്ട്.' ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? വിശദമാക്കുക.
25. ഉറൂബിന്റെ കഥനശൈലിയെയും കഥകളുടെ പ്രത്യേകതകളെയും കുറിച്ച് 'രാച്ചിയമ്മ'യെ ഉദാഹരണമാക്കി ഉപന്യസിക്കുക.
26. 'രുക്മിണീസ്വയംവരം' എന്ന തുള്ളൽ കൃതിയിൽ ആക്ഷേപഹാസ്യമുണ്ടോ? നിരൂപണം നടത്തുക.
27. സ്ത്രീകൾക്കെതിരെ കേരളത്തിൽ നടക്കുന്ന കുറ്റകൃത്യങ്ങളുടെ പശ്ചാത്തലത്തിൽ 'തന്തത്താഴ്' എന്ന കഥയെ വിമർശനാത്മകമായി വിലയിരുത്തുക.

**(2 x 10 = 20 മാർക്ക്)**